(എ) റവന്യൂ കാർഡ് വിതരണം സംബന്ധിച്ച് എന്തെല്ലാം നടപടികൾ പൂർത്തിയായി ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) റവന്യൂ കാർഡ് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇസ്മയിൽ) :

(എ) റവന്യൂ കാർഡ് നൽകുന്നതിനാവശ്യമായ അപേക്ഷാഫാറങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളതും അതിൻപ്രകാരം ഇതുവരെ 55,05,051 അപേക്ഷകൾ പൂരിപ്പിച്ച് കിട്ടിയിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷകളിന്മേൽ വില്ലേജ് ആഫീസർമാർ അന്വേഷണം നടത്തിവരുന്നു. റവന്യൂ കാർഡ് അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ജോലി ഒരു സർക്കാർ ഏജൻസിയായ 'കുടുംബശ്രീ' യെ ഏല്പിക്കുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (എം.ഒ.യു) അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിനുശേഷം റവന്യൂ കാർഡുകൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്.

ലോക ബാങ്കിന്റെ സഹായത്തോടെ വനം വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ

23 (*285) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ലോക ബാങ്കിന്റെ സഹായത്തോടുകൂടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി വനം വകുപ്പിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) വനസംരക്ഷണം, വികസനം എന്നിവ ലക്ഷ്യമാക്കി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലോകബാങ്കിന്റെ സഹായം ലഭിക്കാറുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ വനമേഖലയിലെ ഏതെല്ലാം ഭാഗങ്ങളിലാണ് വനസംരക്ഷണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) വനസംരക്ഷണം ഉറപ്പു വരുത്തുന്നതിന് ഏർപ്പെടുത്തിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

LIBRARY ARCHIVES Kerala Legislative Assembly

(എ) വനം വകുപ്പിൽ ലോക ബാങ്കിന്റെ സഹായത്തോടുകൂടി സാമൂഹ്യ വനവൽക്കരണ പദ്ധതി 1983-84 മുതൽ 1993 മാർച്ചു വരെ നടപ്പിലാക്കിയിട്ടുണ്ട്. കേരള ഫോറസ്ട്രി പ്രോജക്ട്, ഇന്ത്യാ ഇക്കോഡവലപ്പ്മെന്റ് പ്രോജക്ട് എന്നീ രണ്ടു പദ്ധതികൾ ഇപ്പോൾ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്നു.

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതികൊണ്ടുണ്ടായ നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

1. 32400-ൽ പരം ഹെക്ടർ സ്ഥലത്ത് വിവിധ തരം മരങ്ങളുടെ തോട്ടനിർമ്മാണം നടത്തി.
2. 38.5 ലക്ഷം വിവിധ ഇനങ്ങളിലുള്ള മരതൈകൾ ജനങ്ങൾക്ക് വിതരണം ചെയ്തു.
3. മരങ്ങൾ നട്ടുവളർത്തേണ്ടതിന്റെയും അവ നശിപ്പിക്കാതിരിക്കേണ്ടതിന്റെയും പ്രാധാന്യത്തെയും കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് സാധിച്ചു.

കേരള ഫോറസ്ട്രി പ്രോജക്ടു കൊണ്ടുണ്ടായ നേട്ടങ്ങൾ താഴെ ചേർക്കുന്നു.

1. 29999 ഹെക്ടർ പ്രക്ഷീണ വനങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.
2. 2837 ഹെക്ടർ വനഭൂമിയിൽ മെച്ചപ്പെട്ട തേക്ക്, പൾപ്പ്വുഡ് തോട്ടങ്ങൾ വച്ചു പിടിപ്പിച്ചു.
3. 57 സ്ഥലങ്ങളിൽ ജനപങ്കാളിത്തത്തോടെ വനപരിപാലന പ്രവർത്തനങ്ങൾ തുടങ്ങി.
4. മാനവശേഷി വികസനം, പഠനങ്ങൾ, ഗവേഷണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് പ്രോജക്ട് കൊണ്ടുള്ള നേട്ടങ്ങൾ താഴെപ്പറയുന്നു.

1. പെരിയാർ ടൈഗർ റിസർവിനു ചുറ്റുമുള്ള 5340 കുടുംബങ്ങളെ ഉൾപ്പെടുത്തി 72 ഇന്ത്യാ ഇക്കോ ഡലവപ്പുമെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. ഇതുമൂലം ടൈഗർ റിസർവിന്റെ ജൈവ വൈവിധ്യശോഷണം കുറയുന്നതിന് സഹായിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നടപ്പിലുള്ള പദ്ധതികളല്ലാതെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി & ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ് & ജി) 2001 ജനുവരി മാസത്തിൽ കേരളഫോറസ്ട്രി പദ്ധതി സംബന്ധിച്ച് ലോകബാങ്ക് നടത്തിയ ഇടക്കാല അവലോകനത്തിൽ പദ്ധതി തൃപ്തികരമായി നടത്തുന്നു എന്നും പ്രധാന ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലും വിവിധ കമ്മിറ്റികൾ പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സർക്കാർ തലത്തിൽ രൂപീകരിച്ച ഇക്കോ ഡവലപ്പുമെന്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയും ഇക്കോ ഡവലപ്പുമെന്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും ഇന്ത്യാ ഇക്കോ ഡവലപ്പുമെന്റ് പദ്ധതിയുടെ പ്രവർത്തനം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. ഇതിനുപരിയായി, കാലാകാലങ്ങളിൽ ലോകബാങ്ക് മിഷൻ പദ്ധതിപ്രദേശം സന്ദർശിച്ച് പദ്ധതിയുടെ പുരോഗതി വിലിയിരുത്തുകയും ചെയ്തിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാഹന വകുപ്പിൽ നിന്നും പിരിച്ചെടുത്ത തുക

1 (1551) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ വാഹന വകുപ്പിൽ നിന്നും എന്തുതുക പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഇതുവരെ എന്തു തുക പിരിച്ചെടുത്തു ;

(സി) ഈ രംഗത്ത് 2000-2001 -ലെ നികുതി കുടിശ്ശിക എത്ര ഉണ്ടെന്ന് അറിയിക്കുമോ ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കാൻ എന്തു നടപടി കൈക്കൊണ്ടു ;

(ഇ) 2000 ഏപ്രിൽ 1 മുതൽ 2001 ജനുവരി 31 വരെ മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥന്മാരുടെ വാഹന പരിശോധനയിലൂടെ എന്തു തുക പിഴയായി പിരിച്ചെടുത്തിട്ടുണ്ട് ?

ഉത്തരം

(എ) 460.85 കോടി രൂപ. (നാനൂറ്റി അറുപത് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം)

(ബി) 3,40,09,00,114 രൂപ. (മൂന്നൂറ്റി നാൽപ്പത് കോടി ഒൻപത് ലക്ഷത്തി നൂറ്റി പതിനാല് രൂപ മാത്രം)

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി ത്വരിതപ്പെടുത്താൻ എല്ലാ സബ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക്തോറും പ്രത്യേക ഫീൽഡ് ചെക്കിംഗ് നടത്തുന്നുണ്ട്. റവന്യൂ റിക്കവറി നടപടിക്ക് വേഗത കൂട്ടാൻ ബന്ധപ്പെട്ട അധികാരികളോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) 3,60,37,534 രൂപ. (മൂന്നു കോടി അറുപത് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ്റി മുപ്പത്തി നാല് രൂപ മാത്രം.)

LIBRARY ARCHIVES Kerala Legislative Assembly